# ചിത്രപതംഗം

## ഡിജിറ്റൽ മാഗസിൻ



# അസംപ്ഷൻ ഹൈസ്കൂൾ

## സുൽത്താൻ ബത്തേരി

# CHITHRA PATHANGAM

cheif Editor :VARADWAJ

Sub Editor :M.ASIF

Asst.Editor :AANIKA

Art Editor :VYSHNAV

Cover page :VYSHNAV

Members : ABHISHEK

GOUTHAM KRISHNA

EBIN

JISHNU

little KITEs

ASSUMPTION HIGHSCHOOL

ST BATHERY

# ചിത്രപതംഗം

## *digital magazine*

# താളുകൾ മറിക്കുമ്പോൾ....

5 സന്ദേശം
6 സന്ദേശം
7 സ്കൂളിൻറെ ചരിത്രം
8 എഡിറ്ററുടെ വാക്കുകൾ
9 എൽകെ സ്റ്റുഡൻസ്
10 പുതുമുത്തുകൾ - കവിത
11 അമ്മ -കവിത
12 മാന്ത്രികപാതുകങ്ങൾ - കഥ
15 ഡ്രോയിങ് ടൈംസ്
16 പുഞ്ചിരി - കവിത
17 മഴ -ചെറുകഥ
18 സ്കൂൾ വാർത്തകൾ
19 ഫോട്ടോസ്
20 കാർത്തിക്കിന് സ്വീകരണം
21 മഹത് വചനങ്ങൾ
22 എൻറെ ആദ്യ ഗുരു
23 ചിത്രങ്ങൾ
24 എൽ കെ വാർത്തകൾ
25 സബ്ജില്ലാ കലോത്സവം സ്കൂളിൽ മികച്ച വിജയം
26 ഭൂമി മനുഷ്യർക്ക് മാത്രമോ - ലേഖനം
27 വികസനം എന്ന് വിളിക്കുന്നത് ലേഖനം
28 കെട്ടിപ്പടുത്ത കാർമേഘങ്ങൾ
29 വയനാട് - കവിത
30 ലഹരി എന്ന വിപത്ത് --ലേഖനം
31 പൂന്തോട്ടത്തിലെ മാലാഖമാർ - കഥ
32 എൻറെ വയനാട് - ഓർമ്മ
33 പഴഞ്ചൊല്ലുകൾ
34 അന്താരാഷ്ട്ര ദിനങ്ങൾ
35 ശ്രീയായ പോരാളി - കവിത
36 ദി ഗേൾ ഹു ട്രങ്ക് ദി മൂൺ
37കാത്തിരിപ്പ് -കവിത



# സന്ദേശം...

" ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഒരു മാഗ സിൻ പുറത്തിറക്കുന്നുഎന്നറിഞ്ഞതിൽസന്തോഷിക്കുന്നു.കുട്ടികൾക്ക് അവരുടെ സർഗ്ഗവാസന വളർത്താനുള്ള അവസരമായി ഇതിനെ കാണാം. ഡിജിറ്റലായി പ്രസിദ്ധീകരിക്കുന്നതിനാൽ എല്ലാ കുട്ടി-കൾക്കും സ്വതന്ത്രമായി വായിക്കുന്നതിനും ആസ്വദിക്കുന്നതിനും അവസരമൊരുങ്ങുന്നു.പിന്നിൽ പ്രവർത്തിച്ച ല്ലാവർക്കും ആശംസകൾ നേരുന്നു."

ബിനു തോമസ്
ഹെഡ്മാസ്റ്റർ

ഒപ്പ്

# സന്ദേശം.........

ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ വിവിധങ്ങളായഴിവുകൾപ്രകടമാക്കുന്നതിനുള്ള അവസരമാവട്ടെ എന്ന് ആശംസിക്കുന്നു...

ഒപ്പ്.

Sri. buju idayanal ( PTA.president)



# അസംപ്ഷൻ സ്കൂളിന്റെ ചരിത്രം

ചരിത്രം ഉറങ്ങുന്ന ബത്തേരിയുടെ ഉയിർത്തെഴുന്നേൽപ്പിന ഉണർത്തുപാട്ടായി 1982ജൂൺ മാസത്തിൽ അസംപ്ഷൻ ഹൈസ്കൂൾ സ്ഥാപിച്ചു ബഹുമാനപ്പെട്ട ജോസഫ് വെട്ടുക്കുഴിച്ചാലിലച്ചന്റെ ദീർഘദൃഷ്ടിയും പ്രഗത്ഭമായ നേതൃത്വമാണ് ഈ വിദ്യാലയത്തിന്റെ അടിത്തറ പെൺകുട്ടികൾക്ക് മാത്രമായി തുടങ്ങിയ ഈ വിദ്യാ ലയത്തിൽ മാതാപിതാക്കളുടെ ആവശ്യം പരിഗണിച്ച് 2000 ജൂൺ മുതൽ ആൺകുട്ടികൾക്ക് കൂടി പഠിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ഇപ്പോൾ മാനന്തവാടി രൂപത യാസ ഏജൻസിയുടെ മേൽനോട്ടത്തിലും സംരക്ഷണത്തിലുമാണ് അസംപ്ഷൻ ഹൈസ്കൂൾ പ്രവർത്തിക്കുന്നത് മുല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയും ജാതി മത ഭേദമന്യെ എല്ലാവരെയും സ്വാഗതം ചെയ്തും സ്ഥാപനം നിലകൊള്ളുന്നു ആത്മജ്ഞാനവും ആർദ്ര സ്നേഹവും നിസ്വാർത്ഥ സേവനമനോഭാവവും സ്വന്തമാക്കി രാഷ്ട്രനിർമ്മാണത്തിൽ പങ്കുകാരാകാൻ വർഷം തോറും സമൂഹ ത്തിലേക്കിറങ്ങുന്ന മിടുക്കരായ വിദ്യാർത്ഥികളാണ് അസംപ്ഷൻ ഹൈസ്കൂളിനെ വയനാടിന്റെ നെറുകയിൽ എത്തിച്ചത്



## എഡിറ്ററുടെ വാക്കുകൾ....



ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ
ആഭിമുഖ്യത്തിൽ ഒരു മാഗസിൻ പുറത്തിറക്കുക
എന്നത് ഒരു വലിയ ആഗ്രഹമായിരുന്നു.
കുട്ടികൾക്ക്അവരുടെ കഴിവുകൾ വളർത്താ-
നള്ള അവസരമാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത് .
ഡിജിറ്റലായി പ്രസിദ്ധീകരിക്കുന്നതിനാൽ
പരിസ്ഥിതി സൗഹ്രദവുമാണ്.പിന്നിൽ കുറെ
പേരുടെ പരിശ്രമമുണ്ട് .എല്ലാവർക്കും
ആശംസകൾ നേരുന്നു.............

ജാസിൽ -9A



# Little Kites Students.

# പുതുമുത്തുകൾ.--കവിത..

ആഗ്രഹത്തിൻ വിത്ത് പാകുന്നു
പിന്നീട് കതിര് കൊയ്യാൻ കാത്തിരിക്കുന്നു
സ്നേഹിക്കാൻ തുടങ്ങുന്നു പിന്നെ
സ്നേഹം പങ്കുവയ്ക്കുന്നു
ചിലപ്പോൾ
വെറുക്കുന്നു പടവാളേന്തുന്നു
പടവെട്ടി മരിക്കുന്നു
ശാസ്ത്രത്തിൻ പുതുമുത്തുകൾ കണ്ടെത്തുന്നു
പുതുയുഗങ്ങൾ പടുത്തുയർത്തുന്നു
ജീവജാലങ്ങളിൽ ദിവ്യനായി
ഈയൊരു ഭൂമിയെ മേയിച്ചു നടക്കുന്നു

അനു.വി -10A

# അമ്മ - കവിത

ചിത്രങ്ങളിലെ അത്ഭുത കാഴ്ച പോലെ

വാനിൽ തെളിയുന്ന മഴവില്ല് പോലെ

എന്റെ ഉള്ളിൽ തെളിയുന്ന വെളിച്ചം

എൻ പുണ്യം എന്റെയമ്മ

എൻ പുണ്യം എന്റെയമ്മ

അമ്മിഞ്ഞപ്പാലൂട്ടി വളർത്തിയാൽ

വഴികളിൽ കാവാലായമ്മ

തൻ മാറോട്ട ചേർത്തുമ്മ തന്നു

എന്നും തൻ സ്വന്തമായി കണ്ടു

എന്നധരത്തിലാദ്യമുയർന്ന വാക്ക്

എൻ നോവിലെന്നാശ്വാസമമ്മ

എൻ കൂടാരത്തിന്റെ നെടുംതൂണമ്മ

സ്നേഹമാണെന്നമ്മ നന്മയാണെന്നമ്മ

താങ്ങും തണലുമെന്നമ്മ

സന്ദീപ് .പി -9D

# മാന്ത്രിക പാദുകങ്ങൾ ..

കഥ

വിദൂരസ്ഥിതമായ ഒരു ഗ്രാമത്തിൽ ഒരിക്കൽ ശങ്കു എന്ന ഒരു ബാലൻ താമസിച്ചിരുന്നു . അവന് രക്ഷിതാക്കളൊന്നും ഉണ്ടായിരുന്നില്ല . പൊളിഞ്ഞു വീഴാറായ അവന്റെ കുടിലിൽ എല്ലായ്പ്പോഴും അവൻ ഒറ്റക്കായിരുന്നു . അവന് പ്രത്യേകമായ ഒരു ജോലിയും ഉണ്ടായിരുന്നില്ല . എന്നാലും അവനെ ഏൽപ്പിക്കുന്ന ജോലി അവൻ ചെയ്തിരുന്നു . ചിലപ്പോൾ അവൻ ചെരുപ്പുകുത്തിയുടേയോ അതുമല്ലെങ്കിൽ മരപ്പണിക്കാരന്റെ ജോലിയും ചെയ്തിരുന്നു . ഭവനനിർമാണക്കാരന്റെ ജോലി ചെയ്യാനും അവനു കഴിയുമായിരുന്നു . പ്രതിഫലം വളരെ കുറവായിപ്പോയി എന്ന് അവന് ഒരിക്കലും പരാതി പറഞ്ഞിരുന്നില്ല . ആളുകൾ അവർക്ക് തോന്നുംപോലെ അവന് പണം കൊടുക്കുകയും , അതുകൊണ്ട് അവൻ തൃപ്തനായിരുന്നു. നല്ല ഭക്ഷണമോ

വസ്ത്രമോ ശങ്കുവിന് ഉണ്ടായിരുന്നില്ല . സമ്പന്നരായ ആളുകൾക്ക് ഉണ്ടായിരുന്നതുപോലുള്ള ആഢംബര ഭക്ഷണമോ വസ്ത്രമോ ഉണ്ടാകണമെന്ന് അവൻ കൊതിച്ചിരുന്നു.        പക്ഷെ , ലഭിച്ചിരുന്ന തുച്ഛമായ വരുമാനം കൊണ്ട് അവൻ ആഗ്രഹിക്കുന്നതുപോലെ ജീവിതം നയിക്കുവാൻ അവന് കഴിയുമായിരുന്നില്ല . വലിയ ആഢംബരമൊക്കെ നിറഞ്ഞ ഒരു ജീവിതം തനിക്ക് ചൊരിഞ്ഞു തരേണമേ എന്ന് അവൻ ദൈവത്തോട് പ്രാർത്ഥിക്കുമായിരുന്നു.

ഒരു ദിവസം , അന്നേ ദിവസത്തേക്ക് വേണ്ടിയുള്ള ചിലവുകൾ വഹിക്കുന്നതിനുവേണ്ടി എന്തെങ്കിലും ജോലി കിട്ടുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ശങ്കു ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുകയായിരുന്നു .  വൈകുന്നേരം വരേയും അവനു യാതൊരു ജോലിയും ലഭിച്ചിരുന്നില്ല . അവന് ഏകദേശം അവിടം വിട്ടു പോകുവാൻ തുടങ്ങുമ്പോൾ അവൻ നിൽക്കുന്ന ദിശയിലേക്ക് ഒരാൾ നടന്നുവരുന്നത് അവൻ കണ്ടു . അയാൾ തന്റെ അടുത്തെത്തുന്നതു വരെ അവൻ അവിടെ കാത്തു നിന്നു . അയാൾ വളരെ വിചിത്രനായ ഒരു മനുഷ്യനായിരുന്നു . നല്ല വലിയ കൂർത്ത ഒരു തൊപ്പി അയാൾ തലയിൽ ധരിച്ചിട്ടുണ്ടായിരുന്നു . നരച്ച് ഉരുണ്ട അയാളുടെ മേൽകുപ്പായം മുട്ടോളം എത്തുന്നുണ്ടായിരുന്നു . അയാളുടെ കറുത്ത ട്രൗസറിന്റെ പല ഭാഗങ്ങളും കീറിപ്പറഞ്ഞതായിരുന്നു . നീണ്ട ഒരു കമ്പ് അയാൾ കയ്യിൽ പിടിച്ചിട്ടുണ്ടായിരുന്നു . ആദ്യ നോട്ടത്തിൽ തന്നെ ആ അപരിചിതൻ ഒരു മാന്ത്രികനാണെന്ന് ശങ്കുവിന് മനസ്സിലായി .

കീറിപ്പറിഞ്ഞ സഞ്ചിയിൽനിന്ന് ഒരു ജോഡി പാദുകങ്ങൾ പുറത്തെടുത്തിട്ട് മാന്ത്രികൻ പറഞ്ഞു "എനിക്ക് ഈ പാദുകങ്ങൾ തയിച്ച് മിനുക്കിത്തരണം . നാളെ വൈകുന്നേരത്തോടെ ഞാൻ വരുമ്പോൾ എല്ലാം പൂർത്തിയാരിക്കണം." ശങ്കു സമ്മതിക്കുകയും , അവന് ഒരു ചെറിയ തുക മുൻകൂറായി ലഭിക്കുകയും ചെയ്തു. ജോലി വീട്ടിൽവെച്ച് ചെയ്യുന്നതിനുവേണ്ടി അവൻ ആ പാദുകങ്ങൾ എടുത്തുക്കൊണ്ടുപോയി.വീട്ടിലേക്കുള്ള വഴിമദ്ധ്യേ നിർവ്വഹിക്കാനാകാത്ത ഏതോ ആവേശത്താൽ ശങ്കു ആ പാദുകങ്ങൾ എടുത്ത് ധരിച്ചു ..-

-




ലെന കെ 9c

# drawing time........



LIMINA --9A

കവിത

# പുഞ്ചിരി

ചേർന്നരിപ്പൂ പല പല
ഒർമ്മകൾ
പുഞ്ചിരിയായി



ഇന്നെൻെറ മനസ്സിൽ
ഒരു കാറ്റുപ്പോൽ പറന്നെത്തിയ
ചിന്തകൾ ഒരു പുലരിയിൽ
ഞാൻ കണ്ട മേഘങ്ങൾ പോലെ
അമ്മയുടെ മടിയിൽ കിടന്നുറങ്ങുബോൾ
ഞാൻ മേഘങ്ങളിലേക്കൊന്ന് നോക്കി
നിൽപ്പു പല പല ചിത്രങ്ങൾ
കാണുബോൾ എൻ മനസ്സിൽ
കാണുന്ന സ്വപ്നങ്ങൾ ഒരു
മുല്ല പുവിൽ മണമയ് മാറിടുന്നു



എൽവിൻ കെ 8B

# മഴ..

അന്ന വീട്ടിൽ നിന്നും പുറത്തിറങ്ങി.”ഓ വല്ലാത്തൊരു മഴ തന്നെ”അന്ന പറഞ്ഞുകടയിലെക്കാണ്.കുറേ സാധനങ്ങൾ വാങ്ങുവാൻ ഉണ്ട് പോകുന്നവഴിക്ക് ചെരു പുഴ കടക്കണം നല്ല ഒഴുക്കായിരിക്കും അന്ന പതുക്കെ ചെളിനിറഞ്ഞ വഴിയിലുടെ നടക്കണം വല്ലാത്തോരു ആദി അവന്റെ മനസിൽ നിറഞ്ഞിരുന്നു എങ്ങനെ പുഴ കടക്കും എന്ന ചിന്തയായിരുന്ന അവന്റെ മനസ്സിൽ നിറഞ്ഞിരുന്നു.എങ്ങനെ പുഴ കടക്കും എന്ന ചിന്തയായിരുന്നു അവന്റെ മനസ്സിൽ മുഴുവനും.

അവൻ ചെറു പുഴയുടെ സമീപത്തെത്തി അപ്പോഴും മഴ തിമിർക്കുകയാണ്. പുഴ കണ്ട അവൻ അന്തം വിട്ടു നിന്നു മഴവെള്ളപാച്ചിൽ കാരണം പാലം പോലും



കാണുന്നില്ല.
അവൻ വിഷണ്ണനായി കൂറച്ചു കഴിഞ്ഞപ്പോൾ മഴ ശമിച്ചു കാലം പതിയെ പ്രത്ത്യക്ഷമായി.അവൻ പുഴ കടന്നുവീണ്ടും യാത്ര തുടർന്നു
കുറച്ച് സമയം കഴിഞ്ഞപ്പോഴേക്കും മഴ വീണ്ടും കനത്തു”.അവൻ ചിന്തിച്ചു, ഞാൻ മഴയെ തോൽപ്പിച്ചു.........................

അനഷ കെ വി -9



സ്കൂൾ വാർത്തകൾ

# "ഫ്രീഡം ഫെസ്റ്റ്" സംഘടിപ്പിച്ചു.

റോബോട്ടിക്സ് ഇലക്ട്രോണിക്സ് മേഖലകളിലെ വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തുന്നതിന് "ഫ്രീഡം ഫസ്റ്റ്" എന്ന പേരിൽ റോബോട്ടിക്സ് പ്രദർശന പരിപാടി സ്കൂളിൽ സംഘടിപ്പിച്ചു. സംസ്ഥാനതലത്തിൽ കൈറ്റ് നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെടുന്ന ഈ പരിപാടി സംസ്ഥാനത്തുടനീളം ഉള്ള എല്ലാ സ്കൂളുകളിലും ആഗസ്റ്റ് മാസം പത്താം തീയതി മുതൽ 14-ാം തിയതി വരെ "ഫ്രീഡം ഫസ്റ്റ് "എന്ന പേരിൽ സംഘടിപ്പിക്കപ്പെടുന്നു. ഇത് വിദ്യാർത്ഥികൾക്ക് റോബോട്ടിക്സ് ഇലക്ട്രോണിക്സ് മേഖലയിലുള്ള അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള, പ്രദർശിപ്പിക്കുന്നതിനുള്ള വലിയൊരു അവസരമാണ്. വിദ്യാർത്ഥികൾ ആർഡിനോ കിറ്റുകൾ ഉപയോഗിച്ച് നിരവധിയായ റോബോട്ടിക് പ്രോഡക്ടുകൾ നിർമ്മിച്ചു . ടോൾ ഗേറ്റ്, ഹെൻ ഫീഡിങ്, സ്ട്രീറ്റ് ലൈറ്റ് ,സീബ്രാ ക്രോസിംഗ് ലൈറ്റ്, മുതലായവ അവർ നിർമ്മിച്ച ഉൽപ്പന്നങ്ങളിൽ ചിലതാണ്. വിദ്യാർത്ഥികളുടെ പ്രദർശനങ്ങൾ കാണുന്നതിന് മറ്റു വിദ്യാർത്ഥികൾക്കും അവസരം ഒരുക്കി. ഐടി ലാബിലും സ്കൂൾ ഓഫീസിന്റെ മുൻവശത്തും വിദ്യാർത്ഥികൾ പ്രദർശനം ഒരുക്കി.ഐടി കോർണറും തയ്യാറാക്കിയിരുന്നു. ഫ്രീഡം ഫസ്റ്റ് ഉദ്ഘാടനം ബഹുമാനപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ബിനു തോമസ് നിർവഹിച്ചു. ഫ്രീഡം ഫെസ്റ്റിനോട് അനുബന്ധിച്ച് ലിറ്റിൽ വിദ്യാർഥികൾ മറ്റു കുട്ടികൾക്ക് ക്ലാസ് എടുത്തു. ലിറ്റിൽ കൈറ്റ്സ് അധ്യാപകരായ ശ്രീ വി എം

# photos...








# കാർത്തിക് എൻ എസ്. ന് സ്വീകരണം

സംസ്ഥാന സബ്ജൂനിയർ ബോയ്സ് ഷോട്ട്പുട്ട് മത്സരത്തിൽ  സ്വർണ്ണ മെഡൽ നേടിയ അസംപ്ഷൻ ഹൈസ്കൂളിലെ കാർത്തിക് എൻ എസ്. ന് സ്വീകരണം നൽകി. ചടങ്ങിൽ സുൽത്താൻ ബത്തേരി മുനിസിപ്പൽ ചെയർമാൻ ശ്രീ.ടി.കെ.രമേഷ് കാർത്തിക്കിനെ ഹാരമണിയിച്ചു. സ്കൂൾ മാനേജർ റവ.ഫാദർ. ജോസഫ് പരിവുമ്മേൽ, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.ബിനു തോമസ്, യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.സ്റ്റാൻലി ജേക്കബ്, ബത്തേരി മുനിസിപ്പൽ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.ടോം ജോസ്, പി.ടി.എ പ്രസിഡണ്ട് ശ്രീ.ബിജു ഇടയനാൽ, എം.പി.ടി.എ.പ്രസിഡൻ്റ് ശ്രീമതി ശാലിനി തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വയനാട് ജില്ലയ്ക്ക് ആദ്യമായാണ് സബ്ജൂനിയർ ബോയ്സ്  ഷോട്ട്പുട്ട് ഇനത്തിൽ സ്വർണ്ണ മെഡൽ കാർത്തികിന് ഏഴാം സ്ഥാനം ലഭിച്ചിട്ടുണ്ട്.



# മഹത്ത്

# വചനങ്ങൾ ":



"സൽപ്രവർത്തികളുടെ തുടക്കം വിചാരങ്ങളിൽ
 നിന്നാണ് - -സോക്രട്ടീസ്

സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ
ദൗർബല്യം എങ്കിൽ നിങ്ങളാണ്
ലോകത്തിലെഏറ്റവുംവലിയ ശക്തൻ.
 എബ്രഹാം ലിങ്കൺ-

 യുദ്ധം ഒരിക്കലും ശാശ്വതമായ പരിഹാരമല്ല -
എ പി ജെ അബ്ദുൽ കലാം

നിങ്ങൾ മനഷ്യൻ ആയതുകൊണ്ട് വലിയവൻ
ആകണമെന്നില്ല മനഷ്യത്വമുള്ളവൻ
ആകുമ്പോഴാണ് വലിയവൻ ആകുന്നത്.
 മഹാത്മാഗാന്ധി-

ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം നമ്മുടെ ഉറക്കം
നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം -
എപിജെ അബ്ദുൽ കലാം -

ഞാൻ ഞാൻ ആകുന്നത് മറ്റുള്ളവരെ
സ്നേഹിക്കുമ്പോൾ ആണ് -ശ്രീനാരായണഗുരു

 ഗുരുവിൻറെ വ്യക്തിത്വത്തിന്റെ അളവുകോലാണ്
-സ്വഭാവം- നിത്യ ചൈതന്യ യതി



# എന്റെ ആദ്യ ഗുരു

എല്ലാവരുടെയും ആദ്യ ഗുരുവാണ് അമ്മ . വെറും രണ്ട് അക്ഷരം മാത്രമേയുള്ളൂ .ഒരു കുഞ്ഞു വാക്കാണ് .എന്നാലും പറഞ്ഞാൽ തീരില്ല അമ്മയുടെ സ്നേഹം ഗുണങ്ങൾ . ആദ്യമായി സ്നേഹത്തോടെ ഉമ്മ വെച്ചതും പുഞ്ചിരിയാൽ എന്നെ മൂടി പുതപ്പിച്ചതും എൻറെ അമ്മയാണ്. എനിക്ക് എൻറെ അമ്മ പറഞ്ഞുതന്ന കഥകളിലൂടെയാണ് ഞാൻ ആദ്യമായി മഴയെയും മാനത്തെയും അമ്പിളിമാമനെയും തിളങ്ങുന്ന നക്ഷത്ര ങ്ങളെയും കേട്ടത് എൻറെ ആദ്യ ഗുരു എൻറ അമ്മ തന്നെ .നമ്മുടെ നന്മകളും തിന്മകളും വേറിട്ട് കാണിച്ച് തരുന്നത് ........നമ്മുടെ അമ്മയാണ്



കീർത്തന .VB

# ചിത്രങ്ങൾ....




സ്വാതി.കെ-9A

# ലിറ്റിൽ കൈറ്റ്സ് വാർത്തകൾ....

## രക്ഷിതാക്കൾക്ക് എൽ കെ വിദ്യാർഥികളുടെ ക്ലാസ്.

ജനുവരി 3: സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ ഉബണ്ടുവിന്റെ പ്രയോഗവും പ്രചാരണവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി, വിദ്യാർത്ഥികൾ രക്ഷിതാക്കൾക്ക് സോഫ്റ്റ്‌വെയറിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ചു. സ്ലൈഡ് പ്രസന്റേഷന്റെ സഹായത്തോടെയാണ് വിദ്യാർത്ഥികൾ തന്നെയാണ് വിഷയം അവതരിപ്പിച്ചത്.

രക്ഷിതാക്കൾക്ക് ഉബുണ്ടു സോഫ്റ്റ്‌വെയറിൽ ഉള്ള പരിശീലനവും വിദ്യാർത്ഥികൾ വാഗ്ദാനം ചെയ്തു. വിൻഡോസ് സോഫ്റ്റ്‌വെയറിൽ നിന്നും വ്യത്യസ്തമായി പൂർണ്ണമായും സൗജന്യ സോഫ്റ്റ്‌വെയർ ആണ് ഉബുണ്ടു. അത് സ്വതന്ത്രമായി സൗജന്യമായും ഡൗൺലോഡ് ചെയ്യുകയും ഇൻസ്റ്റാൾ ചെയ്യുകയും ആവാം.



# സബ്ജില്ലാ കലാമേളയിൽ ഹൈസ്കൂളിന് മികച്ച വിജയം

നവംബർ ഒമ്പതാം തീയതി മുതൽ ജയശ്രീ ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്ന ബത്തേരി സബ്ജില്ലാ സ്കൂൾ കലാമേളയിൽ ഹൈസ്കൂളിന് മികച്ച വിജയം. കൂടാതെ ബത്തേരി സബ്ജില്ല സംസ്കൃതോൽസവത്തിലും അസംപ്ഷൻ ഓവറോൾ ചാമ്പ്യന്മാരുമായി. ആകെ 184 പോയിന്റ് നേടിയ ഹൈസ്കൂൾ ബത്തേരി സബ്ജില്ല സ്കൂൾ കലോത്സവത്തിൽ റണ്ണറപ്പായി . വിവിധ മത്സരങ്ങളിൽ നിന്നായി 33 എ ഗ്രേഡുകളും ഏഴ് ബി ഗ്രേഡുകളും മൂന്ന് സീ ഗ്രേഡുകളും സ്കൂൾ കരസ്ഥമാക്കി. സംഘഗാനം, കൂടിയാട്ടം സംസ്കൃതം സംഘഗാനം മാർഗംകളി തുടങ്ങിയ ഗ്രൂപ്പിനങ്ങളിലും  എ ഗ്രേഡ് നേടി ഒന്നാം സ്ഥാനത്ത് എത്തി .കൂടാതെ മറ്റു വ്യക്തിഗത ഇനങ്ങളിലും മികവ് പുലർത്താൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.



# ഭൂമി മനുഷ്യർക്ക് മാത്രമോ...?

സൗരയുധത്തിലെ എട്ട് ഗ്രഹങ്ങളിൽ ഭൂമിയത് മാത്രം ഈശ്വരൻ വരമായി നൽകിയ ഒന്നാണ് ജീവൻ, പച്ചപ്പ്, പ്രത്യ തീ സൗന്ദര്യം..! വ്യാധികളും, പൂക്കളും, അരുവികളും, കാടും മേടും മലകളും, താഴ്വാരങ്ങളും, ഒപ്പം കൃതിയുടെ ഒരു ചെറിയ ഭാരം മാത്രമാണ് നമ്മളും. പ്രകൃതി സൗന്ദര്യത്തിന്റെ ഒരടയാളമാ ഈ ദൈവത്തിന്റെ സ്വന്തം നാട്. സ്നേഹിക്കാനും ആസ്വദിക്കാൻ. ഒരു കാലാഹൃദയമുണ്ടെങ്കിൽ സ്വർഗ്ഗം നമുക്ക് ഇവിടെ നിന്നു തന്നെ കാണാൻ കഴിയും.

തെങ്ങിൻ തോപ്പുകളും, പച്ചപ്പുടവവിരിച്ച വയലുകളും, കണ്ടൽ കാടുകളും, നാൽപതോളം പുഴകളും ആവോളം ആസ്വദിക്കാനും ഇവിടെ ജനിക്കാനും ജീവിക്കാനും കഴി- ഞ്ഞാ കഴിയുന്ന നാം കേരളീയൻ എന്തത്തോളം ഭാഗ്യം ലഭിച്ചുവ- രാണ്.. മനുഷ്യൻ പ്രകൃതിയുടെ ഭാഗ്യമാണെങ്കിൽ മനുഷ്യരുടെ കലാസൃഷ്ടികൾ പ്രകൃതിയിൽ നിന്നുള്ളതാണ്. അത് പ്രകൃതി സനന്ദവുമാണ്. പ്രകൃതി സൗന്ദര്യം ആസ്വദിക്കേണ്ട ഒന്നുതന്നെ-

ഒപ്പം ഇടതെല്ലാം നിലനിൽക്കണമെങ്കിൽ ചെയ്യേ - ണ്ട കാര്യങ്ങൾ ചെയ്യുകയും, അരുതാത്തത് ചെയ്യാതിരിക്കുകയും വേണം. മൗലിക ടാകളിൽ ഒന്നാണ് പേകൃതിയെ സംരക്ഷിക്കുക വന്നത്. എന്നാൽ മനുഷ്യരിപോൾ പേപകൃതിയെ നശപ്പിച്ചുഞ്ഞാ ഒടിരിക്കുകയാണ്. കാടുകൾ വെട്ടിനിരത്തി, വയലുകൾ നിരത്തി കെട്ടിടങ്ങൾ പണിഞ്ഞും, പ്ലാസ്റ്റിക്കുകൾ അലക്ഷ്യമായി വലിച്ചെറിഞ്ഞു. ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബാക്കിയുള്ള ജീവ പങ്ങാളുടെ ആവാസവ്യവസ്ഥകളും നശിപ്പിച്ച് അവരെ ഭൂമിയിൽ നിന്ന് വിവായി മനുഷ്യൻ മായതമാക്കുന്ന ഒന്നിനെയാണ് മനുഷ്യൻ ......

അഞ്ജോ വിനു-൯A



# വികസനം എന്നു വിളിക്കുന്നത്......?

ഭൂമിനിലനിൽക്കണമെങ്കിൽ പരസ്പരാശ്രയത്വം കൂടിയേ തീരൂ... അതാണ് ആവാസവ്യവസ്ഥയുടെ അടിസ്ഥാനം. പരിസ്ഥിതി സൗഹാർദം വികസനത്തിനനിവാര്യമാണ്. ഒന്ന് നശിപ്പിച്ച് മറ്റൊന്നു നേടാൻ കഴിയില്ല. എല്ലാത്തിനേയും കൊന്നൊടുക്കി ഒന്നും അവശേഷിക്കാതെ കെട്ടിപടുക്കേണ്ടതല്ല വികസനം, ഭൂമിയിൽ ഓരോ ജീവജാലങ്ങൾക്കും ഓരോ കർത്തവ്യമുണ്ട്. അതില്ലായെങ്കിൽ ഭൂമിയുടെ താളം ഞറ്റും. പ്രകൃതി പ്രളയമായും പേമാരിയായും തിരിച്ചടിക്കും. ജൂൺ -5 പരിസ്ഥിതി ദിനം ഇതെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നു. നമുക്കായി നമ്മുടെ പൂർവ്വീകർ സൂക്ഷിച്ചതുകൊണ്ട് നമുക്ക് ലഭിച്ചു. ഇനി വരും തലമുറയ്ക്കായി പ്രകൃതിയ്ക്ക് ദോഷം വരുത്താതെ ഗുണകരമായ വികസനങ്ങൾ ചെയ്യാം. ഇല്ലെങ്കിൽ നാം കാരണം വരും തലമുറ, ശുദ്ധവായുവും, ശുദ്ധജലവും പണം കൊടുത്ത് വാങ്ങേണ്ട അവസ്ഥയിലേയൊത്തു.നമുക്ക് കിട്ടിയതുപോലെ വരും തലമുറയ്ക്കായി നാളേയ്ക്ക് കാക്കാം...

ഹിദാ ഫാത്തിമ.കെ 9th B



# കെട്ടിപ്പടുത്ത കാർമേഘം

കെട്ടിപ്പടുക്കുന്നു.
കാർമേഘ ജാലങ്ങൾ
ഇന്നു നാം ആരെരയോ
കാണിക്കുവാൻ
പടുത്തീടുന്നു. ഉരുണ്ട ആ
കർമേഘ ജാലകത്തിൽ
കയറി അന്ധകാരത്തിൽ
മുഴുകുന്ന ലോകത്തെ
ഇരുട്ടിൻ്റെ
വാതിലിലേക്ക് തള്ളി
അമർത്തി വയ്ക്കുന്നു നാം.
ഈ ജാലകത്താൽ
ഇരുണ്ട തൻ.
സാമ്രാജ്യത്തിൽ
തളക്കപ്പെടുവെന്നു
പോലും അറിയാതെ നാം
മാറുന്നു കണ്ണിൽ മാത്രമല്ല്ലി
അന്ധകാരം
അന്തരീക്ഷമാകെ
പടർന്നു കയറുന്നു.ഒരു
വിരൽത്തുമ്പ് കൊണ്ടു
നാം ലോകത്തെ
മാറ്റിടുന്നു. അന്ധകാരം
പൂണ്ട കണ്ണുകൾ നമ്മയെ
തിരിച്ചറിയാതെ ഇരുണ്ട
കാർമേഘങ്ങളുടെ
ഇടയിൽ തങ്ങി
നിൽക്കുന്നു. ഒടുവിൽ
താൻ കെട്ടിപ്പടുത്ത
സാമ്രാജ്യത്തിനുള്ളിൽ
വാതിലുകൾ ഇല്ലാതെ
ഇലിയറിയാതെ
എന്നന്നേക്കും
അകപ്പെട്ടിടുന്നു.നാളത്തെ
പ്രകാശമാക്കേണ്ട നാം
ഒരു കൊച്ചു ജാലകത്തിൽ
ഒന്നുമാകാതെ
പോയിടുന്നുവോ....

തീർത്ഥ. പി എസ്

# വയനാട്........

എത്ര മനോഹരം, എൻറെ നാട് നൂപുരം ചാർത്തും മലനിരയും, പുടവ ഞൊറിയുന്ന താഴ്വരയും. പൊൻനിറം പൂണ്ട നെൽപ്പാടങ്ങളിൽ ചിഞ്ചിലം ചൊല്ലും കിളികളല്ലോ കളകളം പാടും പുഴകളിലോ ചാടിരസിക്കും കിടാങ്ങളേറെ വെറ്റിലക്കൂടുമായ് മലയക്കിടാത്തികൾ തകധിമി പാടി പണിതിടുമ്പോൾ മാമല തഴുകിയ മാരുതനും പൂമണവും പേറിയോടിയെത്തും ഒരു മധുര കാവ്യമാണെൻ്റെ നാട്.. പ്രകൃതി തൻ സുകൃതം എൻ വയൽനാട്.

അനു ലക്ഷ്മി ദിനേഷ് 8C



# ലഹരി എന്ന വിഷവിത്ത

ലഹരി എന്ന വിഷവിത്തുകൾ
നട്ടുനനയ്ക്കുന്നവരോർക്കുക ..
മനുഷ്യരെ... നിങ്ങൾ തൻ
ജീവിതം
ലഹരിക്കടിമയാക്കരുതേ. ഒന്നു
രുചിച്ചാൽ അടിമയായും അതിൽ
അടിമയാകും ഭയമാണ് ജീവിതം
ഈ ലഹരി ജീവിതം അമ്മയെയും
അച്ഛനെയും തിരിച്ചറിയാൻ
കഴിയാത്ത ലഹരി ജീവിതം...
അരുത് സഹോദരാ അരുത് നീട്ടി
വലിക്കുന്ന പുകച്ചുരുളുകൾ മാടി
വിളിക്കുന്നത് മരണത്തിലേക്ക്
അരുതേ പോകരുതേ
ലഹരിഞ്ഞിയയാകരു ലഹരിയെന്ന
ഇരുട്ടിൻ്റെ കൂട്ടിൽ മനുഷ്യരേ നാം
വീഴാതിരിക്കുക .. ലഹരിയെന്ന
മാരകവിഷത്തിൽ വീഴാതിരിക്കുക
നാം ഓദരാരുത്തരും

ഹെന്ന ഫാത്തിമ C-V



# പൂന്തോട്ടത്തിലെ മാലാഖ

ഒരു ശൈത്യകാലത്ത് അജ്ജുമോൻ അമ്മ കാണാതെ വീട്ടിൽ നിന്ന് മുറ്റത്ത് ഇറങ്ങി വളരയധികം തണുപ്പായിരുന്ന ആ സമയം അവൻ പതിയെ പതിതെ നടന്ന് പൂന്തോട്ടത്തിനാരികിൽ എത്തി. മഞ്ഞ് പൂക്കളെയെല്ലാം മൂടിയിരുന്നു. അങ്ങനെ ആ ഹൃദയത്തിൽ പതിയെ തന്റെ ഏറ്റവും പ്രിയപ്പെട്ട ഓറഞ്ച് പുവിന്റെ അരികിൽ എത്തി. അപ്പോൾ അവൻ കണ്ട ലകാഴ്ച വളരെ ദുഃഖകരമായിരുന്നു. ആ പൂവ് മഞ്ഞത്ത് കാടുകൾക്കിടയിൽ മൂടിയിരുന്നു. അവൻ കരയാൻ തുടങ്ങി. പെട്ടെന്ന് ഒരു മാലാഖ അവിടെ പ്രത്യക്ഷപ്പെട്ട് മാലാഖ അവനോട് ചോദിച്ചു "എന്തിനാ മോൻ കരയുന്നത്?" എന്ന് ചോദിച്ചു. അവൻ പറഞ്ഞു "പൂവ് മഞ്ഞത്ത് കാടുകൾക്കിടയിൽ മൂടിയിരുന്നു" . മാലായ അവനെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു" മോൻ വിഷമിക്കേണ്ട! അന്നിട്ട് മാലാഖ തന്റെ മാന്ത്രിക ദണ്ഡ് എടുത്ത് പൂവ് ഉണ്ടായിരുന്ന ഭാഗത്ത് അതിനെ ചൂണ്ടി. അത്ഭുതമെന്ന് പറയട്ടെ പൂവ് നിന്ന് ഭാഗത്ത് ഒരു കൂട്ടം ഓറഞ്ച് പൂവ് കൊണ്ട് നിറഞ്ഞു. അവ ജ്ജുവിനെ നോക്കി മന്ദസ്മിതം തൂകി നിൽക്കുന്നു. അവന് വളരെയധികം സന്തോഷമായി അവൻ മാലാഖയോട് നന്ദിപറഞ്ഞു എന്നിട്ട് വിട്ടിലെക്ക് നടന്നു.

അശ്വതി കൃഷ്ണ-8C



# എന്റെ വയനാട്

തെക്കൻ നാട്ടിൽ വയലേലകൾക്കിടയിൽ
വയലേലകളുടെ നാടുണ്ടിവിടെ....
കോടമഞ്ഞും കാട്ടുപ്പൂവ്വും കാട്ടുഞാവലിൻ ചവർപ്പും
കാട്ടുതേൻ മധുരം നുകരും മലകളുടെ നാട്...
പാൽച്ചുരവും താമരശ്ശേരിയും നാടുകാണി
വഴിയൊരുങ്ങും നാട്....
വയലിൻ നിരകൾ പിന്നിട്ട് മഞ്ഞുകണങ്ങൾ
വിശ്രമിക്കും കുഞ്ഞുപുല്ലിനെ തഴുകി ഉണർത്തി..
കോട മഞ്ഞിൻ ഇളം കുളിരിൽ
പേടമാൻ മിഴികളും ...
കരിവീരന്മാരുടെ ചിഹ്നം വിളികളും
കിഴക്കിന്നെ ലക്ഷ്യം വച്ചൊഴുകുന്ന കബനിയുടെ
ഓളങ്ങളും നനുത്ത കാറ്റിനോടും
ഹൃദയ തടാമത്തോടും കഥ പറയുന്ന
വയനാടിന്റെ കൊച്ചു സൗഹൃദം
എന്റെ നാട് വയനാട് ..................... -കവിത

-സിൻസിബിൾ സെബാസ്റ്റ്യൻ

8 A

# പഴഞ്ചൊല്ലുകൾ

അധികം വിളഞ്ഞാ വിത്തിനും

അധികമായാൻ അധ്യാനം വിഷം.

അപായം വന്നാൻ ഉപായം വേണം:

അപ്പം തിന്നാൽ മതി, കുഴിയെണ്ണണ്ട

അഭിമാനം കൊടുത്താൽ അങ്ങാടിന്ന് അരി കിട്ടില്ല

അമ്മയുടെ മടിയിൽ ഇരിക്കയും വേണം; അച്ഛൻ കൂടെ നടക്കയും വേണം

അല്ലലുള്ള പുലിയേ ചുള്ളിയുള്ള കാടറിയൂ..

അൽന -9c

# അന്താരാഷ്ട്ര ദിനങ്ങൾ

| ജനുവരി 1.
- ആഗോള കുടുംബദിന
| ജനുവരി 9
ദേശീയ പ്രവാസി ദിനം
ജനുവരി10
ലോക ചിരി ദിനം
ജനുവരി12
ദേശീയ യുവജനദിനം
ജനുവരി15ന്
- ദേശീയ കരസേനാ ദിനം
ജനുവരി 23.
നേതാജി ദിനം
ജനുവരി24
ബാലികാ ദിനം
ജനുവരി 25
ദേശീയ വിനോദസഞ്ചാരദിനം
ജനുവരി 26
- റിപ്പബ്ലിക് ദിനം
ജനുവരി30
- രക്തസാക്ഷി ദിനം

ഫെബ്രുവരി 2
തണ്ണീർതട ദിനം
| ഫെബ്രുവരി 4
ലോക കാൻസർ ദിനം

# ശ്രീയായ പോരാളി

യുദ്ധം വെറുക്കുന്നവൻ പടയാളികളാണ്
മരണം കാത്തിരിക്കുന്നത് അവരെയാണല്ലോ......
നിലനിൽപിനും സമാധാനത്തിനും പോരാടുന്നവർ
അവർ അനാഥരാണ് ഒരു കെട്ടിടം വിടാക്കാൻ പോരാടുന്നവർ.....
ആയുധങ്ങൾ എത്തിയിട്ടില്ലെങ്കിലും ..........
കൈകൾ അത്ഭുതമാംവിധം ശക്തിയാർജ്ജിച്ചിരിക്കുന്നു
അറ്റുപോയാലും മറക്കില്ല ...
ശ്രീയായി......
നീ ചൊരിഞ്ഞ ആ നല്ല നാളുകൾ

യാദിവ് ഷൈൻ
9A



# ദി ഗേൾ ഹ ഡ്രാങ്ക് ദി മൂൺ.

2016 ൽ പുറത്തിറങ്ങി 2017 ലെ ന്യൂണെറി മെഡൽ നേടിയ കെല്ലി ബർൺഹില്ലിൻ ഒരു ഫാൻ്റസി പുസ്തകമാണ് 'ദി ഗേൾ ഏ ഡ്രാങ്ക് ദി മൂൺ' മൊഡക്ടിയ്റ്റ് എന്ന നഗരത്തിലെ ജനങ്ങൾ എല്ലാ വർഷവും ഒരു ദിവസം ആ സ്ഥലത്തെ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയെ ആ നഗരത്തിന്റെ രക്ഷയ്ക്ക വേണ്ടി ഒരു ദുർമന്ത്രവാദിക്കു ബലി നൽകും. പക്ഷെ ആ കുട്ടികളെ കാട്ടുമൃഗങ്ങളുടെ കയ്യിൽ നിന്നു രക്ഷിച്ച് അവരെ സുരക്ഷിതരാക്കാൻ ക്സാൻ എന്ന മന്നവാദി എന്തും, അവർ ആ കുട്ടികളെ കാടിന് അപ്പുറത്തുള്ള നഗരത്തിലെ കുടുംബങ്ങൾക്ക് കൊടുക്കും കാടിനപ്പുറത്തേക്കുള്ള യാത്രയിൽ ക്സാൻ ഈ കുട്ടികൾക്ക് നക്ഷത്രപ്രകാശം ഭക്ഷണമായി ഒരു വർഷം ക്സാൻ കുട്ടിക്ക് നക്ഷത്രവെളിച്ചത്തിന് പകരം അബദ്ധവശാൽ ചന്ദ്രപ്രകാശം കൊടുത്തു പോയി. ഒരു സാധാരണ കുട്ടിയെ അസാധാരണമായ കഴിവ് കൊണ്ട് നിറച്ചു. സാധാരണ ആർക്കും അങ്ങനെ ആ കൊച്ചിനെ വളർത്താൻ സാധിക്കുകയില്ല. അങ്ങനെ ക്സാൻ ആ കുട്ടിയെ വളർത്താൻ തീരുമാനിച്ചു, അവൾക്ക് ലൂന എന്ന് പേരിട്ടു ലൂനയുടെ 13-ാമത്തെ പിറന്നാൾ എത്തി, അവളുടെ മാന്ത്രിക ശക്തികൾ അവൾക്ക് എന്തെന്നു പോലും അറിയാത്ത ശക്തികൾ അത് അവളിൽ നിന്ന് പ്രവഹിച്ച് തുടങ്ങി - അപകടകരവും രസങ്ങൾ നിറഞ്ഞതുമായ അനന്തര ഫലങ്ങളുമായി...........

ദേവിക - 9C .



# കാത്തിരിപ്പ്

ഇവിടെ ഞാൻ
കാത്തിരിപ്പുണ്ട്
തനിച്ചിരിക്കും നേരത്തന്നെ
പുണരുവാനെത്തുന്ന
നിനക്കായി മാത്രമാണെൻ
കാത്തിരിപ്പ് മധുരമാം
ഓർമ്മതൻ മഷിപുരട്ടി
ജീവിതത്താളുകൾ
ചിന്തിനോക്കി
ഹൃദയതൂലികകൾ
ഞാനെഴുതിവപ്പൂ
പ്രാണനായി കൊതിക്കുന്ന
നിനക്കായാണെൻ
കാത്തിരിപ്പ് മായാതെ നിൻ
ഓർമ്മകൾ
മഴപെയ്തൊഴിഞ്ഞിട്ടും
തോരാതെ ഇന്നുമെൻ
മിഴികൾ ചിന്തയിൽ നിന്നും
മറയുന്ന നേരത്ത്
ചിറകടിച്ചു വരുന്ന
നിനക്കായാരണൻ
കാത്തിരിപ്പ് ഭൂമിതൻ
അവസാന നാൾ വന്നിടും
പ്രളയ മേഘങ്ങൾ
ചെയ്തിടും. അന്നും
നിനക്കായി ഞാൻ കാത്ത്
നിൽക്കുളം വാചാലമായി

വർണിച്ച വരികൾ
വെറുക്കുമ്പോൾ
വാരിപ്പുണർന്ന
നിനക്കായാണെൻ
കാത്തിരിപ്പ് കിനാവിൽ
മരിക്കാത്ത പ്രണയത്തിനായി
വഎന്നിലെ
അന്ധകാരത്തിനു
വെളിച്ചമാകുമെന്ന
വിശ്വാസവുമായി....
ഇന്നും ഇവിടെ ഞാൻ
കാത്തിരിക്കുന്നു

മാദിഹാ. പി-8 A





little KITEs

ASSUMPTION HIGHSCHOOL

S. BATHERY

# ചിത്രപതംഗം

...Digital Magazine